"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - മലപ്പുറം മുണ്ടിയൻകാവ് സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ. റസീന കെ യ്ക്ക് 01.09.2024 മുതൽ 31.08.2026 വരെ ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.35/2025/AYUSH തീയതി,തിരുവനന്തപുരം, 17-01-2025

---

പരാമർശം:- 1. 14/06/1994-ലെ സർക്കുലർ നം. 36/94/ധന

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 23.09.2024 ലെ ഡിഐഎസ്എം/2710/2024/ഡി1 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം മുണ്ടിയൻകാവ് സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ. റസീന കെ 01/09/2024 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ അനുകൂല നടപടികൾക്കായി പരാമർശിത കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ ഖണ്ഡിക ii(a) പ്രകാരം "വ്യക്തിപരം" തുടങ്ങിയ അവ്യക്തമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 90% ഡിസ്എബിലിറ്റിയുള്ള സ്പൈനൽ മസ്കുലാർ അട്രോഫി ബാധിച്ച മകന്റെ വിദ്യാഭ്യാസത്തിനും പരിചരണത്തിനുമായാണ് അപേക്ഷക ശൂന്യവേതനാവധി ആവശ്യപ്പെട്ടിരിക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് കൊണ്ട് ഡോ. റസീന കെ.-യ്ക്ക് 01.09.2024 മുതൽ 31.08.2026 വരെ രണ്ട് വർഷത്തേക്ക് പരിമിതപ്പെടുത്തിക്കൊണ്ട് ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം

ഡോ. റസീന കെ., സീനിയർ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ് (E 2996805/HLT-B3/602/2024-FIN dated 7.1.2025)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 17-01-2025 15:56:14